# അഖിലേശ പാദങ്ങളിൽ

രചന : കുഞ്ഞുമോൾ കോശി തലയ്ക്കൽ
സംഗീതം : മാത്യു ടി. ഇട്ടി

*പല്ലവി*

അഖിലേശ പാദങ്ങളിൽ
ഒന്നാകുവാൻ
ഒരു നാദമായ്
ഒരു ഭാവമായ്
സുവിശേഷ സംഗീതം ധ്വനിയാകുവാൻ
പലരായ നാം ഭാരത സഭയായി നാം

*ചരണങ്ങൾ*

1. എരിയുന്ന കുരിശിന്റെ നാളങ്ങളിൽ
വിരിയുന്ന താമര മലരായി നാം
മണ്ണിന്റെ മണമായ് വിണ്ണിന്റെ നിറമായ്
പുലരുന്ന ഭാരത സഭയായി നാം.
ജൂബിലി ജൂബിലി ജൂബിലി (2) ....അഖിലേശ

2. ഞാനും പിതാവും ഒന്നാകുന്ന പോൽ
നിങ്ങളും എന്നിൽ ഒന്നായിടുവിൻ
വചനം ജഡമായ് ഏകിയ മൊഴിയിൽ
സ്വയമാകെ വെടിഞ്ഞേക സഭയായി നാം.
ജൂബിലി ജൂബിലി ജൂബിലി (2) ....അഖിലേശ

3. ഈ രാജനഗരിതൻ തിലകമായ്
വിലസ്സി നീ ഒന്നര നൂറ്റാ ുകൾ
ശാന്തി തന്നുറവായ് സ്നേഹമന്ത്രവുമായ്
പുലരുക മഹിത ദേവാലയമായ് .
ജൂബിലി ജൂബിലി ജൂബിലി (2) ...അഖിലേശ